സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് 2017-18 ലെ വാർഷിക കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2573/03/Est-I** നന്തൻകോട്, **01/11/2019**

---

പരാമർശം :- 1) DBAR 07/2019 ൽ ബഹു: ഹൈക്കോടതി 23-07-2019 ൽ പുറപ്പെടുവിച്ച ഉത്തരവ്.
2) ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിന്നും 21-08-2019 ൽ DA 467/10/B-1 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ.
3) 27-09-2019 ലെ മേൽ നമ്പർ ബോർഡുത്തരവ്.
4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 10-10-2019 ലെ DA 467/19/B-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2017-18 ലെ വാർഷിക കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കി സംസ്ഥാന ആഡിറ്റ് വിഭാഗത്തിന് സമർപ്പിക്കുന്നതിന് പരാമർശം 1 വിധിന്യായം ലഭിച്ചിരുന്ന സാഹചര്യത്തിൽ പ്രസ്തുത കണക്കുകൾ 30-09-2019 നകം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ആഫീസ് മേധാവികൾക്കും നിർദ്ദേശം നൽകി പരാമർശം 2 സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സമയപരിധിയ്ക്കകം തന്നെ 2017-18 ലെ കണക്കുകൾ ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ആഫീസ്, സ്ഥാപനങ്ങളുടെ മേധാവികൾക്കും നിർദ്ദേശം നൽകിയും നിശ്ചിത സമയപരിധിയ്ക്കകം കണക്കുകൾ സമർപ്പിക്കാതെ വരുന്നപക്ഷം ബന്ധപ്പെട്ട ആഫീസ് മേധാവിയുടെയും ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നിവരുടെയും പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചും ബോർഡുത്തരവായി (പരാമർശം -3

എന്നാൽ വർക്കല, കോട്ടയം എന്നീ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസുകൾ, സാംസ്കാരിക-പുരാവസ്തു വിഭാഗം ആഫീസ്, വെട്ടിക്കവല സി.ബി.എസ്.ഇ. സ്കൂൾ, ശാസ്താംകോട്ട, പരുമല, തലയോലപറമ്പ് എന്നീ കോളേജുകൾ എന്നിവിടങ്ങളിൽ നിന്ന് മാത്രമാണ് കണക്കുകൾ ലഭിച്ചിട്ടുള്ളതെന്ന് വിവരം ലഭിച്ചു (പരാമർശം -4).

(മറുപുറം)

EDP

ഇക്കാര്യം ബോർഡ് ഗൗരവപൂർവ്വം വീക്ഷിച്ചു.

പരാമർശം 1 ഉത്തരവനുസരിച്ച് 2017-18 ലെ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഉടൻ അവസാനിക്കുന്നതാണ്. ഈ സാഹചര്യത്തിൽ 2017-18 ലെ വാർഷിക കണക്കുകൾ നാളിതുവരെ സമർപ്പിച്ചിട്ടില്ലാത്ത ആഫീസ്/സ്ഥാപനങ്ങൾ 05-11-2019 ന് മുമ്പായി പ്രസ്തുത കണക്കുകൾ ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ സമർപ്പിച്ചിരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകി ബോർഡുത്തരവാകുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നപക്ഷം ബന്ധപ്പെട്ട ആഫീസ് മേധാവിയുടെയും, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നിവരുടെയും പേരിൽ അച്ചടക്ക നടപടി ആരംഭിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
5. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
6. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും (വർക്കല, കോട്ടയം എന്നീ ഗ്രൂപ്പ് ആഫീസുകൾ ഒഴികെ)
7. മാനേജർ, ക്ഷേത്രകലാപീഠം, വൈക്കം
8. പ്രിൻസിപ്പാൾ, ദേവസ്വം ബോർഡ് സെൻട്രൽ സ്കൂൾ, ചക്കുവള്ളി/കടയ്ക്കൽ/വർക്കല.
9. പ്രിൻസിപ്പാൾ, ദേവസ്വം ബോർഡ് കോളേജ്, ഇരമല്ലിക്കര/കീഴൂർ/നേര്യമംഗലം/കുളത്തൂർ
10. സ്പെഷ്യൽ ആഫീസർ, സ്കൂൾ സെക്ഷൻ
11. സ്പെഷ്യൽ ആഫീസർ, കോളേജ് സെക്ഷൻ
12. ഇ.ഡി.പി. സെക്ഷൻ
13. സെക്ഷൻ ഫയൽ
14. ഫയൽ ബുക്ക്
15. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK